# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.ഇ.കെ.എം.(ബി പി)956/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) എ.ഡി.സി.(ജനറൽ), എറണാകുളം
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.ഇ.കെ.എം.(ബി പി)956/22 തീയ്യതി: 12/07/2022

## എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ.കെ.ജി | ജോയിന്റ് ഡയറക്ടർ | 18-05-2022 | 28-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-05-2022 | 28-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പോളി ടി.ഒ., ഓഡിറ്റ് ഓഫീസർ

ശ്രീ. ധീരജ് ജെ., ഓഡിറ്റ് ഓഫീസർ

ശ്രീ. സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ബെറ്റ്സി സി.എക്സ്., ഓഡിറ്റർ

ശ്രീ. ടിനു കെ.ജെ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ ജോഷി.കെ.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി തുളസി സോമൻ | പ്രസിഡന്റ് | 12-11-2020 | 31-03-2021 |
| ശ്രീമതി ശ്രീദേവി.കെ.നമ്പൂതിരി | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനിത വിജയൻ | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2020 | 31-05-2020 |
| ശ്രീ ശശി മേനോൻ | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-06-2020 | 28-07-2020 |
| ശ്രീമതി സുഷമ പി.വി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 29-07-2020 | 31-03-2021 |
| ശ്രീമതി മറിയം ബീവി | സി.ഡി.പി.ഒ | 01-04-2020 | 30-04-2020 |
| ശ്രീമതി സിനി എ | സി.ഡി.പി.ഒ | 01-05-2020 | 19-05-2020 |
| ശ്രീമതി സുമം.കെ.ആർ | സി.ഡി.പി.ഒ | 20-05-2020 | 31-03-2021 |
| ഡോ ശ്രീകുമാരി.ബി.എസ് | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി സലിത.എസ്.വി. | എസ്.സി.ഡി.ഒ | 01-04-2020 | 31-03-2021 |
| ശ്രീ ജെറിൻ.എൻ.വി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദേവിശ്രീ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.O.Polly (Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: TINU K.J. (Auditor, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക - അപാകതകൾ<br>Written By: TINU K.J. (Auditor, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 28-05-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 28-05-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: TINU K.J. (Auditor, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 28-05-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-10 |
| 13 | രസീത് പരിശോധന - അപാകതകൾ<br>Written By: TINU K.J. (Auditor, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-11 |
| 14 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതി- മരുന്ന് ലഭ്യമായിട്ടില്ല.<br>Written By: Betsy C.X (Auditor, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-12 |
| 15 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ഞാറയ്ക്കൽ – വാഹനവാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.<br>Written By: Betsy C.X (Auditor, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-13 |
| 16 | പഠന മുറി പൂർത്തീകരിച്ചിട്ടില്ല.<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-14 |

| | | |
|---|---|---|
| 17 | കാർഷിക കർമ്മ സേനയ്ക്ക് യന്ത്ര ഉപകരണങ്ങൾ നൽകിയത്-അപാകത<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-15 |
| 18 | കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് സബ്സിഡി - മോണിട്ടറിംഗ് കാര്യക്ഷമമാക്കണം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-16 |
| 19 | കിസാൻ ലേബർ ഗ്രൂപ്പുകൾക്ക് സ്പ്രേയർ നൽകിയത്-മോണിറ്ററിംഗ് കാര്യക്ഷമമല്ല.<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-17 |
| 20 | സംയുക്ത പ്രൊജക്റ്റ് പൊതുവായ അപാകതകൾ<br>Written By: T.O.Polly (Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-18 |
| 21 | ബയോ ഫ്ലോക്ക് (ഗിഫ്റ്റ്) പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-19 |
| 22 | ലൈബ്രറികൾക്ക് ഫർണിച്ചറുകളും പുസ്തകങ്ങളും വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-20 |
| 23 | ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങി നൽകൽ - പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-21 |
| 24 | അങ്കണവാടികൾക്ക് സൗരോർജ പാനൽ സ്ഥാപിക്കൽ- പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-22 |
| 25 | ഫർണിച്ചർ വാങ്ങി നൽകൽ പദ്ധതി - നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-23 |
| 26 | മത്സ്യകൃഷി പദ്ധതി- ചെലവിന്റെ വിശദാംശങ്ങളില്ല.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-24 |
| 27 | എം. സി എഫ്. സെന്റർ - പദ്ധതിയുടെ വിശദാംശങ്ങൾ ഫയലിലില്ല.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-25 |
| 28 | തോട് ആഴം കൂട്ടൽ പദ്ധതി - ചെലവിന്റെ വിശദാംശങ്ങളില്ല.<br>Written By: Dheeraj J (Audit Officer, On 02-06-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 28-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 28-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 28-05-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 28-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 28-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 28-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.M.Sajeev (Asst. Audit Officer, On 31-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: N.M.Sajeev (Asst. Audit Officer, On 28-05-2022)<br>Last Updated By: Joby George (Computer Assistant, On 12-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 09.03.2020 ലെ 01-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ |
|---|---|---|
| മുന്നിരിപ്പ് | 8,24,076 | 2,83,79,500 |
| വരവ് | 22,97,59,500 | 4,86,42,775 |
| ആകെ | 23,05,83,576 | 7,70,22,275 |
| ചെലവ് | 23,03,33,600 | 5,08,58,051 |
| നീക്കിയിരിപ്പ് | 2,49,976 | 2,61,64,224 |

ബജറ്റ് കണക്കുകളും വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും തമ്മിൽ വ്യത്യാസമുണ്ട്. വാർഷിക കണക്കുകൾ വലിയ അന്തരമില്ലാതെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 23-06-2021 |

## 1-2-1 വാർഷിക ധനകാര്യപത്രിക - അപാകതകൾ

1) ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിലെ ഹെഡ് നമ്പർ - 320200309 - Literacy Scheme Grantപ്രകാരം തൻവർഷവും മുൻവർഷവും 45321/- രൂപ നീക്കിയിരിപ്പുണ്ട്. ഈ ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചത് പ്രകാരം 31-3-2017 ൽ ആണ് അവസാനമായി ട്രാൻസാക്ഷൻ നടന്നതെന്ന് ബോധ്യപ്പെട്ടു. അതിന് ശേഷം നാളിത് വരെയും തുക ചെലവാക്കിയിട്ടില്ല. ഗ്രാന്റ് പ്രകാരമുള്ള പദ്ധതിക്ക് തുക ചെലവാക്കിയില്ല എങ്കിൽ ബന്ധപ്പെട്ട ഹെഡിലേക്ക് തുക തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) താഴെ ചേർത്ത ബാങ്ക് അക്കൌണ്ടുകളിൽ നീക്കിയിരിപ്പ് ഉണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക്/ അക്കൌണ്ട് നമ്പർ | ഇനം | മുന്നിരിപ്പ് | വരവ് | പിൻവലിച്ചത് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക് എടവനക്കാട്/ 343202010010650 | MGNREGS | 105694 | 664227 | 764699 | 5222 |
| 2 | യൂണിയൻ ബാങ്ക് മാലിപ്പുറം/ 343202010018931 | MGNREGS Training | 738 | 180517 | 28966 | 152289 |
| 3 | എസ് ബി ഐ നായരമ്പലം/ 57033137683 | MPLADS | 557371 | 15314 | 0 | 572685 |

മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(11/27-5-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 2,83,79,500 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 4,86,42,775 |
| ആകെ | | 7,70,22,275 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 5,08,58,051 |
| നീക്കിയിരിപ്പ് | | 2,61,64,224 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 22,25,127 |

## 1-4 ഫണ്ട് വിനിയോഗം

| നം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,98,85,800 | 1,98,85,800 | 1,98,39,276 | 46,524 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,56,49,200 | 1,56,49,200 | 1,36,87,384 | 19,61,816 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 38,97,900 | 38,97,900 | 38,51,976 | 45,924 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 80,47,900 | 80,47,900 | 31,34,348 | 49,13,552 | 0 |
| TSC | 3,05,912 | 8,405 | 3,14,317 | 0 | 0 | 3,14,317 |
| ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം | 1,69,908 | 5,223 | 1,75,131 | 1,75,131 | | 0 |
| സാക്ഷരത | 45,321 | 0 | 45,321 | 0 | 45,321 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 100 | 55088144 | 90 | 2,55,63,928 | 78 | 7 | 5 | 78% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.05.2022ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. മാന്വൽ രസീപ്റ്റ് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.
4.തനത് ഫണ്ട് പദ്ധതി ചെലവുകൾ സുലേഖയിൽ ഉൾപ്പെടുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. മാന്വൽ രസീപ്റ്റ് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.
4.തനത് ഫണ്ട് പദ്ധതി ചെലവുകൾ സുലേഖയിൽ ഉൾപ്പെടുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.2021 മുതൽ 17.03.2021 വരെ | 2019-20 | 09-07-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.11.2019 മുതൽ 21.11.2019 വരെ | 2014-15 മുതൽ 2018-19വരെ | 16.12.2019 |

## 1-11 രസീത് പരിശോധന - അപാകതകൾ

രസീത് പരിശോധന സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) സാംഖ്യാ രസീത് സ്റ്റേഷനറിയിൽ കമ്പ്യൂട്ടർ ജനറേറ്റഡ് പ്രിന്റ് പതിപ്പിച്ച സാംഖ്യാ രസീത് നൽകാതെ പേന ഉപയോഗിച്ച് എഴുതി സാംഖ്യാ രസീത് നൽകുന്നു. 120070100002 നമ്പർ സാംഖ്യാ രസീത് പ്രകാരം 565/- രൂപ ശിവദാസ് നികത്തിത്തറ എന്ന വ്യക്തിയിൽ നിന്നും Sale Of Scraps ഇനത്തിൽ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 8940242 നമ്പർ സാംഖ്യാ രസീത് സ്റ്റേഷനറിയിൽ പേന ഉപയോഗിച്ച് എഴുതിയാണ് ആയത് രേഖപ്പെടുത്തിയിരിക്കുന്നത്. തീയതി രേഖപ്പെടുത്തിയിട്ടില്ല. ഈ രസീത് മുഖേന മേൽതുക തന്നെയാണ് പിരിച്ചതെന്ന് വ്യക്തമല്ല.

2) വാർഷിക ധനകാര്യപത്രികയിൽ RP31 – 320800101 – Beneficiary Contribution ഹെഡ് പ്രകാരം 27593/- രൂപ ഗുണഭോക്തൃ വിഹിതം പിരിച്ച ഇനത്തിൽ വരവുണ്ട്. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ഞാറക്കൽ പിരിച്ച 16401/- രൂപയുടെ കയ്യെഴുത്ത് രസീതുകൾ മാത്രമാണ് ലഭ്യമായത്. 11192/- രൂപയുടെ രസീത് വിവരങ്ങൾ പരിശോധനക്ക് ലഭ്യമായില്ല.

3) അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ഞാറക്കൽ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് എന്നിവർ ഉപയോഗിച്ച 100 കയ്യെഴുത്ത് രസീതുകൾ വീതമടങ്ങിയ യഥാക്രമം 822, 821 നമ്പർ കയ്യെഴുത്ത് രസീത് ബുക്കുകൾ പരിശോധനക്ക് ലഭ്യമായി. കയ്യെഴുത്ത് രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമായില്ല. കയ്യെഴുത്ത് രസീത് ബുക്കുകൾ എവിടെ നിന്ന് എത്ര എണ്ണം ലഭിച്ചെന്നോ, എത്ര എണ്ണം ഇഷ്യൂ ചെയ്തെന്നോ നീക്കിയിരിപ്പ് എത്ര ഉണ്ടെന്നോ തെളിയിക്കുന്ന രേഖകൾ ലഭ്യമായില്ല.

4) Cancelled Receipts Report പ്രകാരം 27-8-2020 ലെ 1708/- രൂപയുടെ 120120900002 നമ്പർ സാംഖ്യാ രസീത് റദ്ദ് ചെയ്യപ്പെട്ടതാണ്. എന്നാൽ ഈ സാംഖ്യാരസീത് പരിശോധനക്ക് ലഭ്യമായില്ല. ഈ തുക ഏത്

വരവായിരുന്നെന്നും, ക്യാൻസൽ ചെയ്തതിന് കാരണമെന്തെന്നും പിന്നീട് ഈ തുക വരവ് വന്നിട്ടുണ്ടോ എന്നും വ്യക്തമല്ല.

5) ഡേബുക്ക് പ്രകാരം സുനിത അയ്യനകഴത്ത് എടവനക്കാട് എന്ന വ്യക്തിയിൽ നിന്നും 120070900001 നമ്പർ സാംഖ്യാ രസീത് മുഖേന 112000/- രൂപ ബാങ്ക് വരവ് വന്നിട്ടുണ്ട്. Remit Back Of Unutilised Drawn Amount എന്നാണ് Transaction Type ആയി രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സാംഖ്യാ രസീത് പരിശോധനക്ക് ലഭ്യമായില്ല. ഈ തുക ബാങ്കിൽ/ട്രഷറിയിൽ വരവ് വന്നതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

6) 12-1-2021 ൽ മഹാദേവ ജെ എൽ ജി യിൽ നിന്നും Other Receipts ഇനത്തിൽ വരവ് വന്ന 11750/- രൂപ ട്രഷറി/ബാങ്ക് അക്കൌണ്ടിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(1/25-5-2022) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. വിഷയങ്ങളിൽ വിശദമായ അന്വേഷണം നടത്തി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-12 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതി- മരുന്ന് ലഭ്യമായിട്ടില്ല.

(I)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സർക്കാർ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ |
| പ്രോജക്ട് നം. | 23/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ഞാറയ്ക്കൽ. |
| ബിൽ നം. | 29/18.05.20 (50000/-)<br>49/08.07.20 (300000/-)<br>95/08.10.20(50000/-)<br>161/14.01.21(300000/-) |
| ആകെ പദ്ധതി അടങ്കൽ | 7,00,000/-രൂപ(വികസന ഫണ്ട്) |
| ആകെ പദ്ധതി ചെലവ് | 7,00,000/- രൂപ |

1. പ്രഫോർമ ഇൻവോയ്സ് നം. PRF387/08.05.20(50000/-)

    7070/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

2.പ്രഫോർമ ഇൻവോയ്സ് നം. PRF1036/16.06.20(200000/-)

    1,42,493/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

3.പ്രഫോർമ ഇൻവോയ്സ് നം. PRF2563/28.09.20(50000/-)

    6147/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

4.പ്രഫോർമ ഇൻവോയ്സ് നം. PRF3998/22.12.20(100000/-)

    18147/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

5.പ്രഫോർമ ഇൻവോയ്സ് നം. PRF3981/21.12.20(150000/-)

    62587/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

(II)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സർക്കാർ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങൽ |
| പ്രോജക്ട് നം. | 138/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ഞാറയ്ക്കൽ. |
| ബിൽ നം. | 177/25.01.21 |
| ആകെ പദ്ധതി അടങ്കൽ | 5,00,000/-രൂപ(വികസന ഫണ്ട്) |
| ആകെ പദ്ധതി ചെലവ് | 499796/- രൂപ |

1. പ്രഫോർമ ഇൻവോയ്സ് നം. PRF4175/04.01.21(272796/-)

1,63,492/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

2. പ്രഫോർമ ഇൻവോയ്സ് നം. PRF4533/20.01.21(227000/-)

92545/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

III

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 22/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ഞാറയ്ക്കൽ. |
| ബിൽ നം. | 48/08.07.20, 111/30.10.20 |
| ആകെ പദ്ധതി അടങ്കൽ | 2,25,000/-രൂപ(വികസന ഫണ്ട്) |
| ആകെ പദ്ധതി ചെലവ് | 2,23,839/- രൂപ |

1.പ്രഫോർമ ഇൻവോയ്സ് നം. PRF957/11.06.20(103839/-)

12615/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

2.പ്രഫോർമ ഇൻവോയ്സ് നം. PRF2586/29.09.20(60000/-)

10806/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

മുകളിൽ പറഞ്ഞിരിക്കുന്ന ക്രമ നം. I, II, III എന്നിവയിലെ പ്രഫോർമ ഇൻവോയ്സുകൾ പ്രകാരമുള്ള മരുന്നുകൾ മുഴുവനായും ലഭ്യമാകുമ്പോൾ, പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയ്സ് സഹിതം ഹാജരാക്കുന്നത് വരെ, ലഭിക്കാത്ത മരുന്നിന്റെ തുക 5,15,902/- രൂപ (7,070/-, 1,42,493/-, 6,147/-,18,147/-, 62,587/-, 1,63,492/-, 92,545/-, 12,615/-, 10,806/-)തടസ്സപ്പെടുത്തുന്നു.

## 1-13 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ഞാറയ്ക്കൽ - വാഹനവാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സെക്കന്ററി പാലിയേറ്റീവ് കെയർ |
| പ്രോജക്ട് നം. | 21/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി./പി.എച്ച്.സി, ഞാറയ്ക്കൽ. |
| ആകെ പദ്ധതി അടങ്കൽ | 5,50,000/-രൂപ, വികസന ഫണ്ട്. |
| ആകെ പദ്ധതി ചെലവ് | 5,49,133/- രൂപ |
| ബിൽ നം./തീയതി | നൽകിയ തുക |
| 1) 26/11.05.2020 | 16900.00 |
| 2) 35/09.06.2020 | 20800.00 |
| 3) 47/08.07.2020 | 20800.00 |
| 4) 56/05.08.2020 | 18200.00 |
| 5) 75/26.08.2020 | 19500.00 |
| 6) 94/05.10.2020 | 26300.00 |
| 7)116/04.11.2020 | 20800.00 |
| 8)138/14.12.2020 | 24000.00 |
| 9) 159/07.01.2021 | 22000.00 |
| 10) 189/10.02.2021 | 22100.00 |
| 11)224/04.03.2021 | 20800.00 |
| 12) 246/26.03.2021 | 22100.00 |

പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി KL-42 H 7355 വാഹനം ഉപയോഗിച്ച വകയിൽ ശ്രീ. അഭിജിത്ത് കെ.എം.-ന് വാഹന വാടകയിനത്തിൽ ആകെ 2,54,300/-

രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ 194C വകുപ്പ് പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് 1% ആദായ നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 പഠന മുറി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് വിവരം | 41/21 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി |
| അടങ്കൽ | 200000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

2020-21 സാമ്പത്തിക വർഷത്തെ പഠന മുറി അനുവദിക്കുന്നതിന് 17 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ താഴെ പ്പറയുന്ന ഗുണഭോക്താക്കളുടെ പഠന മുറി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം | കൈപ്പറ്റിയ തുകയുടെ വിവരം |
|---|---|---|
| 1 | സുരേഷ് എൻ.കെ<br>നികത്തിത്തറ നായരമ്പലം | 50000/-(ആദ്യ ഗഡു)<br>75000/-(രണ്ടാം ഗഡു) |
| 2 | ശശി എം.വി.<br>മണപ്പാടൻ, ചെറായി | 50000/-(ആദ്യ ഗഡു)<br>75000/-(രണ്ടാം ഗഡു) |
| 3 | ജിനീഷ്<br>ഈട്ടുമ്മൽ, നായരമ്പലം | 50000/-(ആദ്യ ഗഡു)<br>75000/-(രണ്ടാം ഗഡു) |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 കാർഷിക കർമ്മ സേനയ്ക്ക് യന്ത്ര ഉപകരണങ്ങൾ നൽകിയത്-അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് വിവരം | 41/21 കാർഷിക കർമ്മ സേനയ്ക്ക് യന്ത്ര ഉപകരണങ്ങൾ |
| അടങ്കൽ | 150000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| ചെലവ് | 147594/-<br>1)147594/--ബിൽ നമ്പർ/തീയതി- 01/2021 /27.10.2021 |

2020-21 സാമ്പത്തിക വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാർഷിക കർമ്മസേനയ്ക്ക് കൃഷിക്ക് ഉപയോഗിക്കുന്നതിന് യന്ത്ര ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കാംകോയിൽ നിന്നും ഇൻവോയ്സ് നമ്പർ 17121013 തീയതി 16.09.2020 പ്രകാരം 112349/-രൂപയ്ക്ക് രണ്ട് ടില്ലറുകളും ഇൻവോയ്സ് നമ്പർ 58121083 തീയതി 22.10.2020 പ്രകാരം 25823/- രൂപയ്ക്ക് ഒരു ബ്രഷ് കട്ടറും വാങ്ങി പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പി.കെ. ശേഖരൻ സ്മാരക തൊഴിൽ സേനയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മേൽ ഉപകരണങ്ങൾ കാർഷിക പ്രവർത്തികൾക്ക് നൽകിയതിന്റെ വിതരണ രജിസ്ററർ എഴുതി സൂക്ഷിക്കേണ്ടതാണ്.

2) ഉപകരണങ്ങൾ കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നതിന്റെ വാടക അനുബന്ധവിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ തയ്യാറാക്കിയതായി കാണുന്നില്ല. കാലാകാലങ്ങളിൽ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി വെയ്ക്കേണ്ടതാണ്. ഭാവിയിൽ മേൽ അപാകതകൾ ഇല്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് സബ്സിഡി - മോണിട്ടറിംഗ് കാര്യക്ഷമമാക്കണം

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തു പരിധിയിലുള്ള പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറക്കൽ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള താഴെപ്പറയുന്ന കുടുംബശ്രീ യൂണിറ്റുകൾക്കാണ് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് വായ്പ അധിഷ്ഠിത സബ്സിഡി ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

1) ശ്രീലക്ഷ്മി ടൈലറിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്,കുഴപ്പിള്ളി 114750/-രൂപ ബിൽ നമ്പർ/തീയതി 1/20-21 27.04.2020 സബ്സിഡി അനുവദിച്ചിരുന്നു.
2) ജനനി ടെയ്ലറിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്,പള്ളിപ്പുറം 107950/-രൂപ ബിൽ നമ്പർ/തീയതി 2/20-21 27.04.2020 സബ്സിഡി അനുവദിച്ചിരുന്നു.
3) ഫ്രഷ്ലി ആക്ടിവിറ്റി ഗ്രൂപ്പ്,പള്ളിപ്പുറം 150000/-രൂപ ബിൽ നമ്പർ/തീയതി 3/20-21 27.04.2020 സബ്സിഡി അനുവദിച്ചിരുന്നു.
4) ശ്രീലക്ഷ്മി ആക്ടിവിറ്റി ഗ്രൂപ്പ് പള്ളിപ്പുറം എന്ന കുടുംബശ്രീ യൂണിറ്റിന് 181900/-രൂപ ബിൽ നമ്പർ/തീയതി 3/20-21 30.03.2021 സബ്സിഡി അനുവദിച്ചിരുന്നു .
5) പേൾ ടൈലറിംഗ് യൂണിറ്റ് ഞാറക്കൽ എന്ന കുടുംബ ശ്രീ യൂണിറ്റിന് 200000/-രൂപ ബിൽ നമ്പർ/തീയതി 5/20-21 30.03.2021 സബ്സിഡി അനുവദിച്ചിരുന്നു

1 പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ (14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ) ഖണ്ഡിക 6.4.4 പ്രകാരം സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുതെന്ന് നിർദ്ദേശിക്കുന്നു.പദ്ധതി പ്രകാരമുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് ധനസഹായം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തിയതായി കാണുന്നില്ല.
2) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ സബ്സിഡി അനുവദിച്ചിട്ടുള്ള കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിന് ഒരു സംവിധാനം നിലവിലുള്ളതായി കാണുന്നില്ല.

3) മേൽ കുടുംബശ്രീ വ്യവസായ യൂണിറ്റുകളും ബ്ലോക്ക് പഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം 3 വർഷത്തിനകം സ്ഥാപനം പ്രവർത്തനം അവസാനിപ്പിക്കുകയാണെങ്കിൽ അനുവദിക്കപ്പെട്ട സബ്സിഡി തുക തിരിച്ചടക്കാൻ യൂണിറ്റ് അംഗങ്ങൾ ബാധ്യസ്ഥരാണ്. ആയതിനാൽ പദ്ധതി ആനുകൂല്യം ലഭിച്ച 5 യൂണിറ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണോ എന്നു പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടി യൂണിറ്റുകൾ അവരുടെ സംരംഭങ്ങൾക്കായി എടുത്തിട്ടുള്ള ബാങ്ക് വായ്പ തിരിച്ചടക്കുന്നുണ്ടോയെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 27.05.2022 ൽ ലഭ്യമാക്കിയ മറുപടിയിൽ ഗ്രൂപ്പ് സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട് എന്നാണ്. മേൽ അപാകതകൾ ഭാവിയിൽ ഇല്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-17 കിസാൻ ലേബർ ഗ്രൂപ്പുകൾക്ക് സ്പ്രേയർ നൽകിയത്-മോണിറ്ററിംഗ് കാര്യക്ഷമമല്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് വിവരം | 18/21കെ.എൽ.ജി കൾക്ക് സ്പ്രേയർ നൽകിയത് |
| അടങ്കൽ | 111125/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| ചെലവ് | 100000/-<br>1)100000/--ബിൽ നമ്പർ/തീയതി- 8/2021 /27.03.2021 |

2020-21 സാമ്പത്തിക വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കെ.എൽ.ജി കൾക്ക് സ്പ്രേയർ വാങ്ങി നൽകിയിട്ടുണ്ട്. കാംകോയിൽ നിന്നും ഇൻവോയ്സ് നമ്പർ 71621136 തീയതി 04.03.2021 പ്രകാരം 5ലിറ്റർ സ്പ്രേയർ 75 എണ്ണവും 8 ലിറ്റർ സ്പ്രേയർ 83 എണ്ണവും വാങ്ങി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മേൽ ഉപകരണങ്ങൾ കർഷക ഗ്രൂപ്പുകൾക്ക് നൽകിയതിന്റെ രേഖകൾ ഫയലിനോടോപ്പം ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/ തീയതി 25.05.2022 യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ വിവരം ലഭ്യമാക്കിയിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഒരു വിതരണ രജിസ്റ്റർ സൂക്ഷിച്ചതായി കാണുന്നില്ല.

2) സ്പ്രേയർ കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നതിന്റെ വിശദാംശങ്ങൾ അടങ്ങിയ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല. മേൽ അപാകതകൾ ഭാവിയിൽ ഇല്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 സംയുക്ത പ്രൊജക്ട് പൊതുവായ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ഭൂരിപക്ഷം പ്രവൃത്തികളും മറ്റ് പഞ്ചായത്തുകളുമായുള്ള സംയുക്ത പ്രൊജക്ടുകളാണ്. തനത് വർഷത്തെ(2020-21) ആകെയുള്ള 37 പ്രൊജക്ടുകളിൽ 22 പ്രൊജക്ടുകളും സംയുക്ത പ്രൊജക്ടുകളാണ്. ഇതിൽ എത്ര വലിയ പ്രൊജക്ടുകളായാലും മറ്റ് പഞ്ചായത്ത് വിഹിതം കേവലം 1,000/- മാത്രമാണ്. എന്നാൽ പ്രവൃത്തിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം മാത്രമാണ് ചെലവ് വരുന്നത്. പഞ്ചായത്ത് വിഹിതം ചെലവാകുന്നില്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ എല്ലാം നടപ്പിലാക്കുന്നത് എല്ലാം അതാത് പഞ്ചായത്ത് ആണ്. ഇതിന്റെ ഫയലുകൾ സൂക്ഷിക്കുന്നതും പ്രവൃത്തി പരിശോധിക്കുന്നതും മെഷർമെന്റ് എടുക്കുന്നതും എല്ലാം പഞ്ചായത്ത് ആണ്. ഈ പ്രവൃത്തി സംബന്ധിച്ച് ഒരു പരിശോധനയോ മോണിറ്ററിംഗോ ബ്ലോക്ക് പഞ്ചായത്ത് ചെയ്യുന്നില്ല. അതായത് പ്രവൃത്തിയുടെ ചെലവ് മുഴുവൻ ബ്ലോക്ക് പഞ്ചായത്ത് ചെയ്തിട്ടും ഇതിന്റെ ഒരു വിവരവും ബ്ലോക്ക് പഞ്ചായത്ത് ഓഫിസിൽ ലഭ്യമല്ല. ഇപ്രകാരം സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന്റെ കാരണവും വ്യക്തമല്ല. മറുപടി നൽകേണ്ടതാണ്.

മറുപടിയായി വൈപ്പിൻ കരയെ സംബന്ധിച്ചിടത്തോളം ഏഷ്യയിലെ തന്നെ ഏറ്റവും ജനസാന്ദ്രതയേറിയ ഈ കരയിൽ 6 മീറ്റർ വീതിയുള്ള റോഡുകൾ ഉൾപ്പെടുന്നില്ല. പദ്ധതി മാർഗ്ഗ രേഖപ്രകാരം 6 മീറ്ററിൽ അധികം ഉള്ള റോഡുകൾ മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാലാണ് റോഡ് നിർമാണവും മെയിന്റനൻസും എന്നീ പ്രവൃത്തികൾ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ സംയുക്ത പ്രൊജക്ടായി ചെയ്യുന്നത്. ഈ പ്രവൃത്തികൾ ബ്ലോക്കിലെ മോണിറ്ററിംഗ് സമതി പരിശോധിക്കുകയും ഇത് മനസ്സിലാക്കുന്നതിനു വേണ്ടി റോഡരികിൽ ബോർഡ് സ്ഥാപിക്കുകയും ചെയ്യുന്നു. സുലേഖ പ്രൊജക്ടുനോപ്പം ട്രഷറിയിൽ കൊടുക്കുന്ന ബിൽ കോപ്പിയുടെ പകർപ്പ്, ബിൽ പാസായശേഷമുള്ള Paid Bill Status, Utilisation Certificate എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

മറുപടി തൃപ്തികരമല്ല. ഭൂരിപക്ഷം പഞ്ചായത്തുകൾക്കും ലഭിക്കുന്ന പദ്ധതി അലോട്ട്മെന്റുകൾ പൂർണ്ണമായി അതാത് പഞ്ചായത്തുകൾക്ക് തന്നെ വിനിയോഗിക്കുവാൻ കഴിയാതെ ലാപ്സാകുകയാണ് ചെയ്യുന്നത്. പഞ്ചായത്തുകൾക്ക് ലഭിക്കുന്ന അലോട്ട് മുഴുവൻ അവർക്ക് തന്നെ ഉപയോഗിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റുകളിൽ നിന്നും കൂടുതൽ തുകയും മറ്റ് പഞ്ചായത്തുകൾക്ക് നൽകുന്നത് പരിശോധിക്കേണ്ടതാണ്. ലഭിക്കുന്ന ഗ്രാന്റുകൾ കൂടുതൽ ഭാഗവും ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾക്ക് ഉപയോഗിക്കാവുന്നതാണ്.

## 1-19 ബയോ ഫ്ലോക്ക് (ഗിഫ്റ്റ്) പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം.115/20-21

പദ്ധതി: ബയോ ഫ്ലോക്ക്- തുക നൽകൽ.

നിർവ്വഹണം. സെക്രട്ടറി.

അടങ്കൽ : 165000/-

ചെലവ് : 165000/-

മേൽ പദ്ധതി സംയുക്ത പദ്ധതിയായി വിഭാവനം ചെയ്തും 5 ഗ്രാമ പഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത 9 ഗുണഭോക്താക്കൾക്ക് 18400/- രൂപ വീതം ബയോ ഫ്ലോക്ക് കൃഷിക്കായി ബ്ലോക്ക് പഞ്ചായത്ത് ധനസഹായം നൽകുന്നതാണ് പദ്ധതി. അപ്രകാരം താഴെ കാണിച്ച പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് തുക അനുവദിക്കുകയും ചെയ്തു.

1. അലോട്ട്മെന്റ് നം, 261/26.3.21 തുക. 16844 (ഞാറക്കൽ)

2. ബിൽ നം. 144243/30.3.21 തുക. 148756/-(എടവനക്കാട്, പള്ളിപ്പുറം)

പ്രസ്തുത പദ്ധതിക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് നിർവ്വഹണം നടത്തുന്നതിനായി തുക കൈമാറിയിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുക എത് ഗുണഭോക്താക്കൾക്കാണ് ലഭിച്ചതെന്നും, നൽകിയ പണം

ഉപയോഗപ്പെടുത്തിയോ എന്നും, പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയോ വിവരങ്ങൾ ഫയലിലില്ല. പണം ലഭിച്ച മുഴുവൻ പേരും പദ്ധതി പൂർത്തീകരിച്ചുവോ എന്നും വ്യക്തമല്ല. പദ്ധതിക്കായി പണം നൽകിയ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ വിശദാംശങ്ങൾ വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/27.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മേൽ പറഞ്ഞ രേഖകൾ മുഴുവൻ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 165000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ലൈബ്രറികൾക്ക് ഫർണിച്ചറുകളും പുസ്തകങ്ങളും വാങ്ങൽ- പദ്ധതി നിർവ്വ ഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്.

പദ്ധതി നം.84/20-21 (So)

പദ്ധതി: ലൈബ്രറി കൗൺസിൽ അംഗീകരിച്ചലൈബ്രറികൾക്ക് ഫർണിച്ചറുകളും പുസ്തകങ്ങളും വാങ്ങൽ.

നിർവ്വഹണം. സെക്രട്ടറി.

അടങ്കൽ : 200000/-

ചെലവ് : 199650/-

| ക്രമ നം | ബിൽ നം, തിയ്യതി | തുക |
|---|---|---|
| 1 | 1385701/2.3.20 | 126650 |
| 2 | 1599264/25.3.20 | 73000 |
| | ആകെ | 199650 |

മേൽ ക്രമ നം 1 പ്രകാരം ടെൻഡർ മുഖേന ദീപം എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണിച്ചർ വാങ്ങി (ഇൻവോയിസ് നം.390/14.2.20) ആയത് 9 ലൈബ്രറികൾക്ക് വിതരണം ചെയ്തതായാണ് സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2 സ്ഥാപനങ്ങൾ ഒഴികെ മറ്റാരും അവ കൈപ്പറിയതായി സാക്ഷ്യപ്പെടുത്തി യിട്ടില്ല. ലൈബ്രറി കൗൺസിൽ അംഗീകരിച്ച ലൈബ്രറികൾക്കുതന്നെയാണ് ഫർണിച്ചറുകളും പുസ്തകങ്ങളും വിതരണം നടന്നത് എന്നത് സംബന്ധിച്ച രേഖകളും ഫയലിലില്ല. പദ്ധതി പ്രകാരം വിതരണം നടന്ന് ഒരു വർഷം കഴിഞ്ഞിട്ടും സാധനങ്ങൾ കൈപ്പറ്റാത്തതിനാൽ ബന്ധപ്പെട്ട ലൈബ്രറിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ ന്യൂനത സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/27.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിതരണം ചെയ്ത സാധനങ്ങളുടെ രേഖകൾ ലഭ്യമാക്കുന്നതുവരെ 199650/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങി നൽകൽ - പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പദ്ധതി നം. 64/20-21

അടങ്കൽ : 398000/-

ചെലവ് : 182300/-

ബിൽ നം. 594547/30.9.20 തുക.182300/-
നിർവ്വഹണം : സെക്രട്ടറി

മേൽ പദ്ധതി പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഓഫീസ് ഉപകരണങ്ങളായ യു.പി.എസ്സും, പ്രിന്ററും വാങ്ങിയിരുന്നു.

| | | |
|---|---|---|
| യു.പി.എസ്-2(inv.kps/002/20-21,30-10-20) | 25500x2 | 51000 |
| പ്രിന്റെർ-4 " | 14700x4 | 58800 |
| | ആകെ | 109800 |

18.03.19- ലെ എെ.ടി.സെൽ1/26/2019/വി.സ.വ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെ 'Cprcs' എന്ന സർക്കാറിന്റെ പോർട്ടലിൽ കൂടി മാത്രമേ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞ വാങ്ങലുകൾ അപ്രകാരമല്ല നടത്തിയിട്ടുള്ളത്. ക്വട്ടേഷൻ വഴി 'കെ.പി.എസ് ഇന്നൊവേഷൻസ് 'എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. മേൽ പറഞ്ഞ പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/27.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങിയ58800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 അങ്കണവാടികൾക്ക് സൗരോർജ്ജ പാനൽ സ്ഥാപിക്കൽ- പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

പദ്ധതി നം. 110/20-21(so)

അടങ്കൽ : 900000/

ചെലവ് : 294000/-

ബിൽ നം. 101438747/30.3.21 തുക. 294000/-
നിർവ്വഹണം : സെക്രട്ടറി

'അനർട്ടിന്റെ' ഫീസിബിലിറ്റി ലഭിച്ച 8 അങ്കണവാടികൾക്ക് സോളാർ പാനൽ സ്ഥാപിച്ച് ഊർജ്ജസംരക്ഷണം ഉറപ്പാക്കുന്നതാണ് പദ്ധതി. അപ്രകാരം വിവിധ പഞ്ചായത്തുകളിൽനിന്നും ലഭിച്ച അങ്കണവാടികളുടെ പട്ടിക 'അനർട്ടിന് 'അയച്ച് ഫീസിബിലിറ്റി പരിശോധന നടത്തി ഗായത്രി, അനശ്വര, അതുല്യ എന്നീ 3 അങ്കണവാടികളെ അനർട്ട് തിരഞ്ഞെടുത്തിരുന്നു. പെരുമ്പാവൂരിലെ ഇക്കോമേറ്റ് എനർജി സോല്യൂഷൻസിൽ നിന്ന് വാങ്ങി പ്രസ്തുത പാനൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സോളാർ പാനൽ സ്ഥാപിച്ച അങ്കണവാടികളിൽ 26.05.2022 -ന് നേരിട്ട് നടത്തിയ പരിശോധനയിൽ 3 അങ്കണവാടികളിലും പാനൽ പ്രവർത്തിക്കുന്നില്ല എന്ന് കാണുകയുണ്ടായി. പകരം നിലവിലുള്ള വൈദ്യുതി ബോർഡിന്റെ വൈദ്യുതി തന്നെയാണ് ഉപയോഗിച്ചുവരുന്നത്. പ്രസ്തുത പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/27.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്യാരണ്ടിയുള്ള പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഫർണിച്ചർ വാങ്ങി നൽകൽ പദ്ധതി - നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്.

| | |
|---|---|
| പദ്ധതി നം: | 86/20-21 |
| പദ്ധതി: | കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ വാർഡ് മൂന്നിൽ പട്ടികജാതി കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ. |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 106250/- (എസ്.സി.പി) |
| ചെലവ് | 106250/- (എസ്.സി.പി) |
| ബിൽ നം | 10002043/11.04.20 |

300000/-രൂപ അടങ്കൽ കണക്കാക്കിയ മേൽ പദ്ധതി പ്രകാരം മുൻവർഷം ക്വട്ടേഷൻ ക്ഷണിച്ച് ഫർണിച്ചറും മറ്റ് സാധനങ്ങളും ഓഡർ നൽകുകയും 18.3.2020 – ന് സാധനങ്ങൾ ലഭ്യമാവുകയും ചെയ്തിരുന്നു. 2019-20 ൽ 193655/-രൂപ വിതരണക്കാരന് നൽകുകയും ചെയ്തിട്ടുണ്ട്.

ആയതിനായി നൽകിയ ചെലവിന്റെ 4 ബില്ലുകൾ മുൻവർഷവും ഒരു ബിൽ 20-21 ലുമാണ് തുക മാറിയിട്ടുള്ളത്. എന്നാൽ പദ്ധതി വിഭാവനം ചെയ്ത പ്രകാരം പ്രസ്തുത സ്ഥാപനത്തിന് സാധനങ്ങൾ കൈമാറിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം മറ്റ് രണ്ട് സ്ഥാപനങ്ങൾക്കാണ് സാധനങ്ങൾ കൈമാറിയത്. (നായരമ്പലം ഗ്രാമ പഞ്ചായത്തിലെ നെടുമങ്ങാട് പുലയ സംഘത്തിനും എടവനക്കാട്ടെ അഖില വൈപ്പിൻ പുലയ വംശോധാരണി സഭക്കും). എന്നാൽ അപ്രകാരം മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറാനുണ്ടായ സാഹചര്യവും ഫയൽ കൊണ്ട് വ്യക്തമല്ല. സർക്കാർ പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരം സ്വകാര്യസംഘങ്ങൾക്ക് കൈമാറാൻ വ്യവസ്ഥയില്ല. പ്രസ്തുത സ്ഥാപനങ്ങളെ മാത്രം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡവും വ്യക്തമല്ല. മേൽ പറഞ്ഞ

പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/27.5.22) മറുപടി ലഭ്യമാക്കിയിട്ടില്ല. കൈമാറിയ സ്ഥാപനങ്ങളുടെ അപേക്ഷയോ സ്ഥാപനത്തിന്റെ പ്രവർത്തന രീതിയോ, ആവശ്യകതയോ സംബന്ധിച്ച വിവരങ്ങൾ ഫയലിലില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മേൽ പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 106250/-രൂപ തടസ്സപ്പെടുത്തുന്നു.

1-24 മത്സ്യകൃഷി പദ്ധതി- ചെലവിന്റെ വിശദാംശങ്ങളില്ല.

പദ്ധതി നം. 116/20-21

അടങ്കൽ: 1,60,000/-

ചെലവ് : 80,000/-
നിർവ്വഹണം : സെക്രട്ടറി

ഞാറക്കൽ പഞ്ചായത്തിൽ കരിമീൻ കൃഷി ചെയ്യുന്നതിനായി 4 പേർക്ക് 2 ലക്ഷം വീതം നൽകിയിട്ടുണ്ട്. (എലോട്ട്മെന്റ് നം 262/26.3.21)

എന്നാൽ പദ്ധതിയുടെ ഫയലിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദാംശങ്ങളൊന്നും ഇല്ല. തുക അനുവദിച്ച പഞ്ചായത്തിന്റെ പേര് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, പദ്ധതിയുടെ അടങ്കൽ, പദ്ധതിയുടെ നിലവിലെ അവസ്ഥ, വിനിയോഗ വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/27.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ 80,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

.

1-25 എം. സി എഫ്. സെന്റർ - പദ്ധതിയുടെ വിശദാംശങ്ങൾ ഫയലിലില്ല.

പദ്ധതി നം.133/20-21

അടങ്കൽ : 500000/-

ചെലവ് : 299525/-

പള്ളിപ്പുറം പഞ്ചായത്തിൽ മെറ്റീരിയൽ കളക്ഷൻ സെന്ററിന് ഭൗതിക സാഹചര്യം ഒരുക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്.

മേൽ കാണിച്ച പ്രകാരമുള്ള തുക തൻവർഷം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടായതിനാൽ ഗ്രാമ പഞ്ചായത്തിന് പദ്ധതി പണം നൽകുന്നതിന് മുമ്പ് പദ്ധതിയെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ തുക കൈമാറുന്ന പ്രക്രിയ മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിച്ചുകാണുന്നത്.
പ്രസ്തുത പദ്ധതിയുടെ അടങ്കൽ, ഏതൊക്കെ പഞ്ചായത്തിന് ഉപകരിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തത്, നാളിതുവരെ ചെലവഴിച്ച തുക, പദ്ധതിയുടെ പൂർത്തീകരണ വിവരങ്ങൾ, നിലവിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചോ തുടങ്ങിയ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/27.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പണം കൈമാറുന്നതിന് മുമ്പ് മൊത്തം പദ്ധതി ചെലവിന്റെ രേഖകൾ ആരാഞ്ഞിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതുവരെ 299525/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 തോട് ആഴം കൂട്ടൽ പദ്ധതി - ചെലവിന്റെ വിശദാംശങ്ങളില്ല.

പദ്ധതി നം. 69/20-21

അടങ്കൽ : 12,50,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് : 8,00,000/-

അലോട്ട്മെന്റ് നം.225/4.3.21

നിർവ്വഹണം : സെക്രട്ടറി

എടവനക്കാട് ഗ്രാമ പഞ്ചായത്തിന് തോട് ആഴം കൂട്ടൽ പ്രവൃത്തിക്കായി 8 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ ഒന്നുംതന്നെ ഫയലിലില്ല. പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/27.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥയും ചെലവിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1998-99 | 3-4 | 10675 | പുതുവൈപ്പ് പട്ടികജാതി പട്ടികവർഗ വ്യവസായ സഹകരണസംഘം കൃഷിപ്പാടം ആഴം വർദ്ധിപ്പിക്കുന്നത് | തുക അടവാക്കാൻ ശേഷിക്കുന്നു. |
| | 3-5 | 85000 | കൃഷിസമാജങ്ങൾക്ക് യന്ത്രോപകരണം | " |
| | 3-6 | 18750 | മുനമ്പം ഗവ.ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ | " |
| | 3-7 | 43750 | മാലിപ്പുറം സി എച്ച് സി സൗകര്യം വർദ്ധിപ്പിക്കൽ | " |
| 2007-08 | 3-9 | 7581 | നായരമ്പലം ഗ്രാമ പഞ്ചായത്ത് വാർഡ് 9 എസ്.സി കോളനി സാംസ്കാരിക നിലയം ടൈൽ വിരിച്ചതിന് അധിക നിരക്ക് | " |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഓഡിറ്റ് വർഷം ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,86,42,775 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,08,58,051 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,25,127 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ആകെ | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-12 | 5,15,902 | ഡോ ശ്രീകുമാരി ബി.എസ് മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 5എ സ്കൈലൈൻ ബിലെയർ പനയംപിള്ളി നഗർ എറണാകുളം പിൻ-682036 |
| 1-19 | 1,65,000 | ശ്രീമതി ശ്രീദേവി കെ. നമ്പൂതിരി സെക്രട്ടറി | തൈക്കാട്ടുമനയ്ക്കൽ, തൈക്കാട്ടുശ്ശേരി ചേർത്തല ആലപ്പുഴ |
| 1-20 | 1,99,650 | " " | " |
| 1-21 | 58,800 | " " | " |
| 1-23 | 1,06,250 | " " | " |

| | | | |
|---|---|---|---|
| 1-24 | 80,000 | " " | " |
| 1-25 | 2,99,525 | " " | " |
| 1-26 | 8,00,000 | " " | " |
| ആകെ | 22,25,127 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ക്രമ നം | ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്,ഉദ്യോഗപ്പേര് | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| - | - | | - | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ഡോ.ശ്രീകുമാരി.ബി.എസ് മെഡിക്കൽ ഓഫിസർ | - | 5എ സ്കൈലൈൻ ബിലെയർ പനയംപിള്ളി നഗർ എറണാകുളം പിൻ-682036 |
| 2 | ശ്രീമതി ശ്രീദേവി കെ.നമ്പൂതിരി സെക്രട്ടറി | സെക്രട്ടറി വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് | തൈക്കാട്ട് മനയ്ക്കൽ തൈക്കാട്ട്ശ്ശേരി ചേർത്തല ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 &1998-99 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 1999-2000 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2000-01&2001-02 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2002-03 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13. |
| 2003-04 | എൽ.എഫ്.ഇ (ബി.പി.2) 68/12 , 21.11.13 |
| 2004-05 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2005-06 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2006-07 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2007-08 | എൽ.എഫ്.ഇ.(ബി.പി.2) 68/12 , 21.11.13 |
| 2008-09 | എൽ.എഫ്.ഇ(ബി.പി.2) 734/13 , 13.6.13 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.2) 326/12 , 13.9.12 |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 2175/13 , 6.3.14 |
| 2011-12 | എൽ.എഫ്.ഇ. (ബി.പി.2) 2175/13 , 6.3.14 |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.2) 262/2014 /15.3.14/ 11.4.14 |
| 2013-14 | എൽ.എഫ്.ഇ. (ബി.പി.2)225/ 2015/ 11.2.15/8.4.15 |
| 2014-15&2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)1597/2016,1.10.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി.)2290/2017/,06.12.2017 |
| 2017-18 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)280/2019 08-03-2019 |
| 2018-19 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)190/2020 10-03-2020 |
| 2019-20 | നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)--/2020 10-03-2020 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്